**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.262 — 27.02.2017 ൽ മറുപടിക്ക്

## സി.എച്ച്.സി.കളെ താലൂക്ക് ആശുപത്രികളാക്കി ഉയർത്തൽ

| ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സി.എച്ച്.സിയിൽ നിന്നും താലൂക്ക് ആശുപത്രിയായി ഉയർത്തി ഉത്തരവായ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ: | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് താലൂക്കാശുപത്രിയായി ഉയർത്തിയ സി.എച്ച്.സികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>സി.എച്ച്.സി, കോന്നി, പത്തനംതിട്ട.<br>സി.എച്ച്.സി, ഫോർട്ട്, തിരുവനന്തപുരം.<br>സി.എച്ച്.സി, ബാലുശ്ശേരി, കോഴിക്കോട്.<br>സി.എച്ച്.സി, വണ്ടൂർ, മലപ്പുറം<br>സി.എച്ച്.സി, അരീക്കോട്, മലപ്പുറം.<br>സി.എച്ച്.സി, പള്ളുരുത്തി, എറണാകുളം.<br>സി.എച്ച്.സി, കട്ടപ്പന, ഇടുക്കി.<br>സി.എച്ച്.സി, വിതുര, തിരുവനന്തപുരം |
| (ബി) | ഇതിൽ എത്ര സി.എച്ച്.സി.കളെ താലൂക്ക് ആശുപത്രിയുടെ സൗകര്യമേർപ്പെടുത്തി ഈ സർക്കാർ ഉയർത്തിയിട്ടുണ്ട്; | (ബി) | ജില്ലാ/താലൂക്ക് ആശുപത്രികളിൽ നിശ്ചിത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ആർദ്രം സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഓരോ താലൂക്കിലെയും പ്രധാന താലൂക്ക് ആശുപത്രിയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനും ആർദ്രം മിഷനിലുൾപ്പെടുത്തി സ്റ്റാന്റർഡൈസേഷൻ പ്രൊപ്പോസലിൽ കോന്നി, ബാലുശ്ശേരി, കട്ടപ്പന എന്നിവിടങ്ങളിലെ സി.എച്ച്.സിയെ താലൂക്ക്തലത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. വണ്ടൂർ അരീക്കോട്, വിതുര എന്നിവിടങ്ങളിലെ സി.എച്ച്.സികളെ ബ്ലോക്കതല ആരോഗ്യ സ്ഥാപനങ്ങളായ് ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | മങ്കട നിയോജക മണ്ഡലത്തിൽ മങ്കട സി.എച്ച്.സി. യെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; | (സി) | ആരോഗ്യ മേഖലയിലെ ചികിത്സാ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി തയ്യാറാക്കിയിട്ടുള്ള സ്റ്റാന്റൈഡൈസേഷൻ പ്രൊപ്പോസലിന്റെ കരട് ലിസ്റ്റിൽ സി.എച്ച്.സി വിഭാഗത്തിൽ മങ്കട സി.എച്ച്.സി യും ഉൾപ്പെട്ടിട്ടുണ്ട്. ഇത് ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (ഡി) | ഇത് സംബന്ധിച്ച് ഡി.എം.ഒ.,ഡി.എച്ച്.എസ്.എന്നിവർ ശിപാർശകൾ നൽകിയിട്ടുണ്ടോ; പ്രസ്തുത ശിപാർശകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ഡി) | ജില്ലാ മെഡിക്കൽ ആഫീസറുടെയും ആരോഗ്യ വകുപ്പ് ഡയറക്ടറുടെയും ശുപാർശയോടു കൂടിയാണ് മങ്കട സി.എച്ച്.സി-യെ താലൂക്കാശുപത്രിയായി ഉൾപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുള്ളത്. ആയത് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ